**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 610** **01.12.2015 ൽ മറുപടിയ്ക്ക്**

**സ്റ്റാർട്ടപ്പ് വ്യവസായ രംഗത്തെ നിക്ഷേപം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ | ശ്രീ. പി കെ കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| (എ) സ്റ്റാർട്ടപ്പ് വ്യവസായ രംഗത്ത് നിക്ഷേപം കുറഞ്ഞതിന്റെ കാരണങ്ങൾ പരിശോധിച്ചിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ; | (എ) സ്റ്റാർട്ട്പ്പ് പദ്ധതികളിൽ സംസ്ഥാനത്ത് നിക്ഷേപം കുറഞ്ഞതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (ബി) സ്റ്റാർട്ടപ്പ് യുവ സംരംഭക നയവും, ഇൻക്യുബേഷൻ സെന്ററും സ്റ്റാർട്ടപ്പ് വില്ലേജും , അവയ്ക്ക് നൽകിയ പ്രചാരത്തിനനുസൃതമായി വളർത്തിയെടുക്കുന്നതിൽ വീഴ്ച വന്നതായി കരുതുന്നുണ്ടോ ; എങ്കിൽ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ; | (ബി ) ഇക്കാര്യത്തിൽ വീഴ്ച്ചയൊന്നും സംഭവിച്ചതായി ശ്രദ്ധയിൽപെട്ടിട്ടില്ല. |
| (സി) നാസ്കോം കണക്കുകൾ പ്രകാരം ഇൻഡ്യയിലാകെ ഉയർന്നു വന്ന ഐ.ടി സ്റ്റാർട്ടപ്പുകളുടെ എത്ര ശതമാനമാണ് കേരളത്തിനുള്ളതെന്ന് വ്യക്തമാക്കുമോ; | (സി) നാസ്കോം റിപ്പോർട്ടിൽ സംസ്ഥാന തലത്തിലെ ശതമാനം ലഭ്യമല്ല. |
| (ഡി) യുവ സംരംഭക രംഗത്ത് ഇന്ത്യയിൽ നടപ്പുവർഷം പ്രതീക്ഷിക്കുന്ന നിക്ഷേപത്തിന്റെ എത്രശതമാനം സംസ്ഥാനത്തിന് ലഭിക്കുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ; | (ഡി) നടപ്പുവർഷം സംസ്ഥാനത്തിന് യുവസംരംഭക മേഖലയിൽ പ്രതീക്ഷിക്കുന്ന നിക്ഷേപത്തിന്റെ വിശദാംശം ലഭ്യമല്ല. |
| (ഇ) തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ മൂന്ന് ഡസ്റ്റിനേഷനുകളിലും സ്റ്റാർട്ടപ്പ് ഇൻക്യുബേഷൻ, സ്റ്റാർട്ടപ്പ് വില്ലേജുകൾ എന്നിവ പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ? | (ഇ) തിരുവനന്തപുരം ടെക്നോപാർക്കിൽ കേരള സ്റ്റാർട്ടപ് മിഷന്റെ ഇൻക്കുബേറ്റർ പ്രവർത്തിച്ചു വരുന്നു. ഐ.റ്റി മേഖലയിലെ എല്ലാ സൗകര്യങ്ങളും അവിടെ ലഭ്യമാണ്. എറണാകുളം ഇൻഫോപാർക്കിൽ NASSCOM മായി സഹകരിച്ച് ഒരു warehouse സ്ഥാപിച്ചിട്ടുണ്ട്. എറണാകുളം |

കളമശ്ശേരിയിലെ ടെക്നോളജി ഇന്നവേഷൻ സോണിൽ സ്റ്റാർട്ടപ്പ് വില്ലേജിന്റെ ടെലികോം ഇൻകുബേറ്ററും രാജീവ്ഗാന്ധി ബയോടെക്നോളജി കേന്ദ്രത്തിന്റെ ബയോടെക്നോളജി ഇൻകുബേറ്ററും പ്രവർത്തിച്ചു വരുന്നു. കോഴിക്കോട് കേരളാ സ്റ്റാർട്ടപ്പ് മിഷന്റെ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ